കേരള സർക്കാർ
ജലവിഭവ വകുപ്പ്

# ജലനിധി

കേരള സർക്കാർ നടപ്പാക്കുന്ന ശുദ്ധജല വിതരണ ശുചിത്വ പദ്ധതി

CLEAN WATER . CLEAN LIFE

**Communication and Capacity Development Unit**
Water Resources Department, Government of Kerala

## മാർച്ച് 22
## ലോക ജലദിനം



## 22 MARCH
## WORLD WATER DAY



# ലോക ജലദിനാഘോഷം 2018

'സംരക്ഷിക്കാം പ്രകൃതിയെ......
ജലത്തിനായി'



# ലോക ജലദിനാഘോഷം 2018

1993 മുതൽ ഐക്യരാഷ്ട്ര സഭയുടെ ആഹ്വാനപ്രകാരം മാർച്ച് 22 ലോകജലദിനമായി ആചരിച്ചുവരുന്നു. 'സംരക്ഷിക്കാം പ്രകൃതിയെ...... ജലത്തിനായി' എന്ന സന്ദേശത്തിലൂടെ പ്രകൃതിയെ തനതായ രീതിയിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് മാത്രമേ 21-ാം നൂറ്റാണ്ടിൽ ശുദ്ധജലത്തിനുവേണ്ടി ലോകം നേരിടുന്ന വെല്ലുവിളികളെ തരണം ചെയ്യാൻ സാധിക്കു എന്ന് മാനവരാശിയെ ഓർമിപ്പിക്കുകയാണ് ഈ വർഷത്തെ ജലദിനം. വനവൽക്കരണം, നീർത്തടസംരക്ഷണം, നദീതടസംയോജനം എന്നിവയിൽ ഊന്നൽ നൽകിക്കൊണ്ടുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമെന്ന ആശയമാണ് ഈ വർഷത്തെ ജലദിന സന്ദേശം മുന്നോട്ട് വയ്ക്കുന്നത്.

പരിസ്ഥിതി നശീകരണം മൂലമുണ്ടാകുന്ന കാലാവസ്ഥ വ്യതിയാനം, ആഗോള താപനം ഇതൊക്കെയാണ് ലോകവ്യാപകമായി ജലസമ്പത്തിനെ നശിപ്പിക്കുന്ന ഘടകങ്ങൾ. മണ്ണിന്റെയും പച്ചപ്പിന്റെയും നാശം, വെള്ളപ്പൊക്കം, വരൾച്ച, ജലമലിനീകരണം എന്നിവയുടെ ആക്കം കൂട്ടുന്നു.

പാരിസ്ഥിതിക സന്തുലിതാവസ്ഥ തിരികെ കൊണ്ടുവരുന്നതിലൂടെ മാത്രമേ ജല ദൗർലഭ്യമെന്ന മഹാവിപത്തിനെ നമുക്ക് ഒരു പരിധിവരെയെങ്കിലും പ്രതിരോധിക്കാൻ കഴിയു. വനവൽക്കരണം, തണ്ണീർതടങ്ങളുടെ സംരക്ഷണം എന്നിവയിലൂടെ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുവാനും അതുവഴി മാനവരാശിയുടെ നിലനിൽപ്പിനുതന്നെ ആവശ്യമായ ശുദ്ധജല ലഭ്യത ഉറപ്പുവരുത്താനും കഴിയും.

സംസ്ഥാന ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 22 ലോകജലദിനം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസിയും (കെ.ആർ.ഡബ്ല്യു.എസ്.എ), കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലെപ്മെന്റ് യൂണിറ്റുമാണ് (സി.സി.ഡി.യു) പരിപാടികൾ ഏകോപിപ്പിച്ചത്.








### സംസ്ഥാനതല ഉദ്ഘാടനം

ലോക ജലദിനാഘോഷം 2018 ന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹു. കേരളാ ഗവർണർ ജസ്റ്റിസ് പി. സദാശിവം ഭദ്രദീപം കൊളുത്തി നിർവ്വഹിച്ചു. 2018 മാർച്ച് 22 രാവിലെ 10.00 മണിക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി) യിലെ പദ്മം ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ ബഹു. കേരള ജലവിഭവ വകുപ്പ് മന്ത്രി. ശ്രീ. മാത്യു ടി തോമസ് അദ്ധ്യക്ഷത വഹിച്ചു. ജലമെന്ന അമൂല്യ സമ്പത്ത് സൂക്ഷ്മമായി കൈകാര്യം ചെയ്യപ്പെടേണ്ടതിന്റെ ആവശ്യകതയെ പറ്റി ഗവർണർ തന്റെ പ്രസംഗത്തിൽ വ്യക്തമാക്കി. ജലസംരക്ഷണത്തിൽ ഇന്നു നാം എവിടെ നിൽക്കുന്നു എന്നും ജല ഉപയോഗം, ജലസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നാം എത്രത്തോളം ഉത്തരവാദിത്വ ബോധം പുലർത്തണമെന്നും സ്വന്തം അനുഭവം വിവരിച്ചുകൊണ്ട് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ശ്രദ്ധേയമായ നടപടികളാണ് ഗവൺമെന്റ് കൈക്കൊള്ളുന്നതെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. മാത്യു ടി തോമസ് പറഞ്ഞു. ജലസംരക്ഷണ പ്രവർത്തനങ്ങളിൽ സർക്കാർ നടത്തുന്ന ചില സുപ്രധാന ഇടപെടലുകളാണ് ഹരിത കേരളാ മിഷന്റെ രൂപീകരണം, വരട്ടാർ പുനരുജ്ജീവനത്തിനുള്ള നടപടികൾ തുടങ്ങിയവ എന്നും അദ്ദേഹം സൂചിപ്പിച്ചു. ജലാശയങ്ങൾ മലിനമാകുന്നത് തടയുന്നതിന് സർക്കാർ നിയമനിർമ്മാണം നടത്തിയിട്ടുള്ള കാര്യവും അദ്ദേഹം വിശദീകരിച്ചു.

ശുദ്ധജല ലഭ്യതയുടെ കാര്യത്തിൽ ഇന്ന് ലോക ജനത നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടോം ജോസ് ഐ.എ.എസ്, തന്റെ സ്വാഗത പ്രസംഗത്തിൽ സൂചിപ്പിച്ചു. കേപ് ടൗൺ, സാവോ പോളോ പോലെയുള്ള നഗരങ്ങൾ ഇന്നനുഭവിക്കുന്ന അതിരൂക്ഷമായ കുടിവെള്ള ക്ഷാമം നമുക്ക് ഒരു മുന്നറിയിപ്പാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ശ്രീമതി. എ ഷൈനാമോൾ ഐ.എ.എസ്, ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ ശ്രീ. കെ.എ ജോഷി തുടങ്ങിവർ ചടങ്ങിൽ ആശംസകൾ അർപ്പിച്ചു. കെ.ആർ.ഡബ്ല്യു.എസ്.എ എക്സിക്യുട്ടീവ് ഡയറക്ടർ ശ്രീ. എ.ആർ അജയകുമാർ ഐ.എ.എസ് നന്ദി പ്രകാശിപ്പിച്ചു. പ്രസ്തുത ചടങ്ങ് 11.00 മണിക്ക് അവസാനിച്ചു.



## സംസ്ഥാനതല സെമിനാർ

ലോകജലദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സംസ്ഥാനതല സെമിനാർ 11.30ന് ആരംഭിച്ചു. ഭൂജലവകുപ്പ് ഡയറക്ടർ ശ്രീ. കെ.എസ് മധു അദ്ധ്യക്ഷത വഹിച്ച സെമിനാറിൽ, ഇറിഗേഷൻ വകുപ്പ് ജോയിന്റ് ഡയറക്ടർ (പ്ലാനിംഗ്) ശ്രീ. സുധീർ പടിക്കൽ മോഡറേറ്റർ ആയിരിന്നു. 'സംരക്ഷിക്കാം പ്രകൃതിയെ........ ജലത്തിനായി' എന്ന ഈ വർഷത്തെ ജലദിന സന്ദേശം ആസ്പദമാക്കിയുള്ള സെമിനാറിന് വിദഗ്ധർ നേതൃത്വം നൽകി.




'ജലവിഭവ സംവിധാനങ്ങളുടെ ആസൂത്രണവും നടത്തിപ്പും അനുകരണീയ മാതൃകകൾ' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. കെ.ശ്രീനിവാസനും, (പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് എൻവയോൺമെന്റ് ആന്റ് സിവിൽ എഞ്ചിനീയറിംഗ്, ഐ.ഐ,ടി മദ്രാസ്), 'പാരിസ്ഥിതിക വ്യവസ്ഥയുടെ പ്രാധാന്യം കേരളത്തിന്റെ സാഹചര്യത്തിൽ' എന്ന വിഷയത്തിൽ ഡോ.കെ.വി ജയകുമാർ, (പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് സിവിൽ എഞ്ചിനീയറിംഗ്, എൻ.ഐ,ടി വാറംഗൽ), 'കേരളത്തിലെ ജലസമ്പത്തിന്റെ പരിപാലനം വെല്ലുവിളികളും സാധ്യതകളും' എന്ന വിഷയത്തിൽ ഡോ. സന്തോഷ് ജി. തമ്പി, (പ്രൊഫസർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട്) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സെമിനാറിനോടനുബന്ധിച്ച് നടന്ന ചോദ്യോത്തരവേളയിൽ സെമിനാറിൽ പങ്കെടുത്തവരുടെ സംശയങ്ങൾക്ക് മറുപടി നൽകി. സെമിനാറിനെ അടിസ്ഥാനമാക്കിയുള്ള സമീപന രേഖ സെമിനാറിൽ അവതരിപ്പിക്കപ്പെട്ട വിഷയങ്ങളുടെ പ്രസന്റേഷനുകൾ എന്നിവ ഇറിഗേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാകുമെന്ന് മോഡറേറ്റർ സെമിനാറിൽ പങ്കെടുത്തവരെ അറിയിച്ചു. ക്ലാസുകൾ നയിച്ചവർക്ക് മെമന്റോ നൽകി ചടങ്ങിൽ ആദരിച്ചു. ജലസേചന വകുപ്പാണ് സെമിനാർ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകിയത്.











## ബോധവൽക്കരണ പ്രവർത്തനങ്ങൾ

ജലദിനാചരണത്തിന്റെ ഭാഗമായി ജലസംരക്ഷണം, ജല ഉപയോഗം എന്നിവയെക്കുറിച്ചുള്ള സന്ദേശങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി കെ.ആർ.ഡബ്ല്യു.എസ്.എയുടെയും സി.സി.ഡി.യുവിന്റെയും ആഭിമുഖ്യത്തിൽ സംസ്ഥാനത്തുടനീളം വിവിധ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു.

## ഡബിൾ ഡക്കർ ബസ് ക്യാമ്പയിൻ

ഡബിൾ ഡക്കർ ബസ് ക്യാമ്പയിൻ രാവിലെ 09.15ന് തമ്പാനൂർ കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ പരിസരത്ത് ബഹു.ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. മാത്യു ടി തോമസ് ഫ്ളാഗ് ഓഫ് ചെയ്തു. ജലദിന സന്ദേശങ്ങൾ കൊണ്ട് അലങ്കരിച്ച കെ.എസ്. ആർ.ടി.സി യുടെ ഡബിൾ ഡക്കർ ബസ് നഗരത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ സഞ്ചരിച്ചു. ബസ്സിൽ സഞ്ചരിച്ച എൻ.സി.സി വോളണ്ടിയർമാർ ലഘുലേഖകൾ വിതരണം നടത്തിയും ക്വിസ് മത്സരം, ജലസംരക്ഷണ സന്ദേശം എഴുത്ത് മത്സരം എന്നിവയിലൂടെയും ജലദിനസന്ദേശം പൊതുജനങ്ങളിലേയ്ക്ക് എത്തിച്ചു. ഏതാണ്ട് 7000 ആളുകളിൽ ജലദിനസന്ദേശമെത്തിക്കാൻ ബസ് ക്യാമ്പയിൻ വഴി സാധ്യമായി.

## മാജിക് ഷോ

സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കാൻ ഏറ്റവും ശക്തമായ ഒരു ഉപാധിയായി നാടൻ കലകളെ ഉപയോഗപ്പെടുത്താം എന്ന ആശയം ഉൾക്കൊണ്ടുകൊണ്ടാണ് ജലദിന ബോധവത്കരണ പരിപാടിയുടെ ഭാഗമായി നഗരത്തിലെ പ്രധാനപ്പെട്ട മൂന്നു കേന്ദ്രങ്ങളിൽ മാജിക് ഷോ സംഘടിപ്പിച്ചത്. ശ്രീ. ഇന്ദ്രാ അജിത്ത് നടത്തിയ മാജിക് ഷോ ജലസംരക്ഷണം, ജല മലിനീകരണം വനവത്കരണത്തിന്റെ പ്രാധാന്യം, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം എന്നിവയെ കുറിച്ചുള്ള സന്ദേശങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു. എൻ.എസ്.എസ് കോളേജ് നീറമൺകര, തമ്പാനൂർ കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ, ശംഖുമുഖം ബീച്ച് എന്നിവടങ്ങളിൽ നടത്തിയ മാജിക് പ്രദർശനത്തിലൂടെ 1000ത്തോളം പേരിൽ ജലദിന സന്ദേശം എത്തിക്കാൻ സാധിച്ചു.













## ഫ്ളാഷ് മോബ്

കെ.ആർ.ഡബ്ല്യു.എസ്.എ സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടികളിൽ ഏറ്റവുമധികം ജനങ്ങളെ ആകർഷിച്ച ഇനമായിരുന്നു ഫ്ളാഷ് മോബ്. കോട്ടയം ജില്ലയിൽ ജലനിധി പദ്ധതി നടപ്പിലാക്കുന്ന തീക്കോയി ഗ്രാമപഞ്ചായത്തിലെ സെന്റ്മേരീസ് ഹയർ സെക്കണ്ടറി സ്കൂളിലെ ജലശ്രീ ക്ലബ് പ്രവർത്തകരായ 30 വിദ്യാർത്ഥികളാണ് ഫ്ളാഷ് മോബ് അവതരിപ്പിച്ചത്. ജലസംരക്ഷണ സന്ദേശം അടിസ്ഥാനമാക്കി ചിട്ടപ്പെടുത്തിയ ഫ്ളാഷ് മോബ് പൊതുജനങ്ങളിൽ ക്രിയാത്മകമായ ചലനമുണ്ടാക്കാൻ സാധിച്ചു. തമ്പാനൂർ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ്, എൻ.എസ്.എസ് കോളേജ് നീറമൺകര, ശംഖുമുഖം ബീച്ച് എന്നിവടങ്ങളിൽ ഫ്ളാഷ് മോബ് സംഘടിപ്പിച്ചു.

## ട്രെയിൻ ക്യാമ്പയിൻ



ലോക ജലദിനാചരണത്തിന്റെ ഭാഗമായി നടത്തിയ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ച ഒന്നായിരുന്നു ട്രെയിൻ ക്യാമ്പയിൻ. നെഹ്രു യുവകേന്ദ്രയുടെ 60 സന്നദ്ധ പ്രവർത്തകരെ തെരെഞ്ഞെടുത്ത് അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അവരിലൂടെയാണ് ട്രെയിനുകളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചത്. തിരുവനന്തപുരത്ത് നിന്നും രാവിലെ 6.00 മണിക്ക് പുറപ്പെട്ട പരശുറാം എക്സ്പ്രസ്സ്, കാസർഗോഡുനിന്ന് രാവിലെ 8 മണിക്ക് പുറപ്പെട്ട ഏറനാട് എക്സ്പ്രസ്സ് എന്നീ ട്രെയിനുകളിൽ നെഹ്രു യുവ കേന്ദ്രയുടെ 30 വീതം സന്നദ്ധ പ്രവർത്തകർ ഷൊർണ്ണൂർ വരെ സഞ്ചരിച്ചാണ് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയത് ഏകദേശം 40000 യാത്രക്കാരിൽ ജലസംരക്ഷണ ബോധവത്ക്കരണ സന്ദേശങ്ങൾ എത്തിക്കാൻ ഇതിലൂടെ സാധിച്ചു. ട്രെയിൻക്യാമ്പയിനിലൂടെ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- 30 സന്നദ്ധ പ്രവർത്തകർ വീതമുള്ള രണ്ട് ഗ്രൂപ്പുകളായി തിരുവനന്തപുരത്ത് നിന്നും, കാസർഗോഡ് നിന്നും സഞ്ചരിച്ച് ട്രെയിൻ യാത്രക്കാരിൽ ജലസംരക്ഷണം ജല ഉപയോഗത്തിലെ നിയന്ത്രണം എന്നിവയെക്കുറിച്ച് ബോധവൽക്കരണം നടത്തി.
- ട്രെയിൻയാത്രക്കാർക്കിടയിലും പ്രധാന സ്റ്റേഷനുകളിലെ പ്ലാറ്റ്ഫോമിലും ലഘുലേഖകൾ വിതരണം നടത്തി.
- ജലവുമായി ബന്ധപ്പെട്ട പ്രശ്നോത്തരി നടത്തി വിജയികൾക്ക് സമ്മാനം നൽകി
- യാത്രക്കാർക്കിടയിൽ ജലസംരക്ഷണ സന്ദേശം എഴുത്ത് മത്സരം സംഘടിപ്പിച്ചു.

കാസർഗോഡ് നിന്നാരംഭിച്ച ട്രെയിൻ ക്യാമ്പയിൻ കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എ.ജി.സി ബഷീർ ഉദ്ഘാടനം ചെയ്തു. കാസർഗോഡ് സെൻട്രൽ യുണിവേഴ്സിറ്റി സോഷ്യൽ വർക്ക്







വിഭാഗം മേധാവി ഡോ. മോഹൻ ചടങ്ങിൽ പങ്കെടുത്തു. കെ.ആർ.ഡബ്ല്യു.എസ്.എ മേഖലാ ഓഫീസിന്റെ നേതൃത്വത്തിൽ ടീം അംഗങ്ങൾക്ക് കണ്ണൂർ, കോഴിക്കോട്, ഷൊർണ്ണൂർ എന്നീ സ്റ്റേഷനുകളിൽ ഊഷ്മളമായ സ്വീകരണം നൽകി. 20000ത്തോളം യാത്രക്കാർക്കിടയിൽ ലഘുലേഖകൾ വിതരണം നടത്തുകയും ബോധവൽക്കരണ സന്ദേശം എത്തിക്കുകയും ചെയ്തു.

തിരുവനന്തപുരത്ത് നിന്നാരംഭിച്ച യാത്രക്ക് കെ.ആർ.ഡബ്ല്യു.എസ്.എ, സി.സി.ഡി.യു ഉദ്യോഗസ്ഥർ ചേർന്ന് തുടക്കം കുറിച്ചു. കെ.ആർ.ഡബ്ല്യു.എസ്.എ മേഖലാ ഓഫീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കോട്ടയം, ഷൊർണൂർ എന്നീ സ്റ്റേഷനുകളിൽ ടീം അംഗങ്ങൾക്ക് സ്വീകരണം നൽകി. കോട്ടയം റെയിൽവേ സ്റ്റേഷനിൽ നടന്ന ഊഷ്മളമായ സ്വീകരണ ചടങ്ങിൽ കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സക്കറിയാസ് കുതിരവേലി ആശംസകൾ നേർന്നു. കെ.ആർ.ഡബ്ല്യു.എസ്.എ ഉദ്യോഗസ്ഥർ, റെയിൽവേ, ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ എന്നിവരും സ്വീകരണ യോഗത്തിൽ പങ്കെടുത്തു. 20,000ത്തിലധികം ലഘുലേഖകൾ വിതരണം ചെയ്തതായി ടീം അംഗങ്ങൾ അറിയിച്ചു.

## സോഷ്യൽ മീഡിയ ക്യാമ്പയിൻ

ലോകജലദിനാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ക്യാമ്പയിനുകളിൽ ഫെയ്സ്ബുക്ക് വഴിയും ജലദിന സന്ദേശം പ്രചരിപ്പിക്കാൻ സാധിച്ചു. ഫെയ്സ്ബുക്കിൽ അപ്‌ലോഡുചെയ്ത മൂന്ന് പോസ്റ്ററുകൾ മൂന്ന് ദിവസം കൊണ്ട് രണ്ട് ലക്ഷത്തോളം ആളുകൾ സന്ദർശിച്ചു.

## ഗ്രാമപഞ്ചായത്തുതല പ്രവർത്തനങ്ങൾ

ജലനിധി പദ്ധതി നടപ്പിലാക്കുന്ന 115 ഗ്രാമപഞ്ചായത്തുകളിലും ലോകജലദിനാഘോഷം വിപുലമായ പരിപാടികളോടുകൂടി സംഘടിപ്പിച്ചു. മീറ്റിംഗുകൾ, പ്രതിജ്ഞ, ബാനർ പ്രദർശനം, സെമിനാർ എന്നിവയൊക്കെ ചടങ്ങിന്റെ ഭാഗമായി നടത്തി. ഓരോ ഗ്രാമപഞ്ചായത്തിലും ഏറ്റവും നല്ല ഗുണഭോക്തൃ സംഘത്തെ കണ്ടെത്തി ആദരിച്ചു. ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ, കെ.ആർ.ഡബ്ല്യു.എസ്.എ ഉദ്യോഗസ്ഥർ, സഹായസംഘടനാ ഭാരവാഹികൾ, വിവിധ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ എന്നിവരൊക്കെ ജലദിനാഘോഷ പരിപാടികളുടെ ഭാഗമായി. ചില പഞ്ചായത്തുകളിലും സ്കൂളുകളിലും ജലശ്രീ ക്ലബ്ബുകളുടെ നേതൃത്വത്തിൽ കലാപരിപാടികൾ, ഘോഷയാത്ര എന്നിവയും സംഘടിപ്പിക്കുകയുണ്ടായി.

## മാസ് മീഡിയ പ്രോഗ്രാംസ്

ലോക ജലദിനം 2018നോടനുബന്ധിച്ച് ജല സംരക്ഷണം എന്ന ആശയത്തെക്കുറിച്ച് പൊതുജന ശ്രദ്ധ ആകർഷിക്കുന്നതിനുവേണ്ടി ദൂരദർശൻ, പ്രാദേശിക ചാനൽ (എ.സി.വി) എന്നിവയിൽ പ്രോഗ്രാമുകൾ നടത്തുകയുണ്ടായി. ദൂരദർശനിൽ രാത്രി 7.30 മുതൽ 8.30 വരെയുള്ള 'വർത്തമാനകാലം' പരിപാടിയിൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. മാത്യു ടി തോമസ്, കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ ശ്രീമതി. എ. ഷൈനാമോൾ ഐ.എ.എസ്, കെ.ആർ.ഡബ്ല്യു.എസ്.എ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. എ.ആർ അജയകുമാർ ഐ.എ.എസ് എന്നിവർ പങ്കെടുത്ത തത്സമയ ചർച്ച സംപ്രേഷണം ചെയ്തിരുന്നു. 'സംരക്ഷിക്കാം പ്രകൃതിയെ........ ജലത്തിനായി' എന്ന ഈ വർഷത്തെ ജലദിന സന്ദേശം മുൻനിർത്തി കേരളത്തിന്റെ ഇന്നത്തെ ശുദ്ധജല മേഖലയുടെ ചിത്രം വ്യക്തമാക്കുന്ന രീതിയിലായിരുന്നു ചർച്ച. ജലവിഭവ വകുപ്പ് ഈ മേഖലയിൽ നടത്തുന്ന യുക്തി പൂർവ്വമായ ഇടപെടലുകളും, നയങ്ങളും ഇതിൽ ചർച്ച ചെയ്യപ്പെട്ടു. ഇതുകൂടാതെ തിരുവനന്തപുരം പ്രാദേശിക ചാനലായ എ.സി.വി യിൽ 'ഹാവ് എ നൈസ് ഡേ' എന്ന പരിപാടിയിൽ സി.സി.ഡി.യു ഡയറക്ടർ ശ്രീ. ജി.സുനിൽ കുമാർ പങ്കെടുത്ത അഭിമുഖം സംപ്രേഷണം ചെയ്തിരുന്നു.



’ജലവിഭവത്തിന്റെ ഫലപ്രദമായ ഉപയോഗവും സംരക്ഷണവും’ എന്ന സന്ദേശം പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്ക് വഹിക്കാൻ ഈ വർഷത്തെ ലോകജലദിനാഘോഷ പരിപാടികളിലൂടെ സാധിച്ചിട്ടുണ്ട്. ’സംരക്ഷിക്കാം പ്രകൃതിയെ ജലത്തിനായി’ എന്ന ജലദിന സന്ദേശം വളരെ കാര്യക്ഷമമായി ജനങ്ങളിലേയ്ക്ക് എത്തിച്ചു എന്നതാണ് ഈ പരിപാടിയുടെ എടുത്തു പറയാവുന്ന ഒരു നേട്ടം. ജലമേഖല ഇന്ന് നേരിടുന്ന വെല്ലുവിളികളെ ഒരുപരിധി വരെയെങ്കിലും തടയാൻ പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുമാത്രമേ കഴിയു എന്ന യാഥാർത്ഥ്യം ജനങ്ങളിൽ എത്തിക്കാൻ ഈ ബോധവൽക്കരണ പരിപാടികൾക്ക് സാധിച്ചിട്ടുണ്ട്.




